**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 148** **05-07-2022 - ൽ മറുപടിയ്ക്ക്**

**റബ്ബർ കയറ്റുമതി വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. പി. ജെ. ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | റബ്ബർ കയറ്റുമതി വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | റബ്ബർ കയറ്റുമതിയുമായി ബന്ധപ്പെട്ട നടപടികൾ കൈക്കൊള്ളേണ്ടത് കേന്ദ്ര സർക്കാർ ആയതിനാൽ ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന പുതിയ കരട് റബ്ബർ ആക്ടിൽ റബ്ബർ കയറ്റുമതിനയം കേരളത്തിലെ കർഷകരുടെ താല്പര്യങ്ങളെ ഹനിക്കുന്ന രീതിയിലായതിനാൽ ഇക്കാര്യത്തിലുള്ള കേരളത്തിന്റെ വിയോജിപ്പ് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ കാർഷിക കയറ്റുമതി നയത്തിൽ റബ്ബർ ക്ലസ്റ്ററിൽ കോട്ടയം, പത്തനംതിട്ട, എറണാകുളം, കണ്ണൂർ ജില്ലകളെ ഉൾപ്പെടുത്തണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. |
| (ബി) | സ്വാഭാവിക റബ്ബറിന്റെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | സ്വാഭാവികമായ റബ്ബറിന്റെ ഉപയോഗം വർദ്ധിപ്പിക്കുവാൻ റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്ക് സർക്കാർ കൂടുതൽ ഊന്നൽ നൽകുന്നുണ്ട്. ഇക്കാര്യത്തിനായി വ്യവസായ വകുപ്പിനു കീഴിൽ റബ്ബർ മൂല്യ വർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനായി 'CIAL Model'ൽ ഒരു റബ്ബർ കമ്പനി "കേരള റബ്ബർ ലിമിറ്റഡ്" എന്ന പേരിൽ സംസ്ഥാന സർക്കാർ രൂപം നൽകുകയും പ്രസ്തുത കമ്പനി 2021ൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ സ്ഥാപനം പൂർണ്ണമായി സജ്ജമാകുന്നതോടെ ഈ ലക്ഷ്യം കൈവരിക്കുവാൻ സാദ്ധ്യമാകുന്നതാണ്. |
| (സി) | റബ്ബറിന്റെ വിലസ്ഥിരത ഉറപ്പാക്കുന്നതിനായി രാജ്യത്തെ ടയർ വ്യവസായ മേഖലയിൽ സ്വാഭാവിക റബ്ബർ തന്നെ ഉപയോഗിക്കണമെന്ന | (സി) | റബ്ബറിനെ "Make in India" പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും, കേന്ദ്ര സർക്കാരിന്റെ റോഡ് പ്രോജക്ടുകളിൽ റബ്ബർ ഉപയോഗിക്കാനുള്ള നിർദ്ദേശം നൽകണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് |

| | | | |
|---|---|---|---|
| | നിർദ്ദേശം നടപ്പിലാക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | | സംസ്ഥാന കൃഷി വകുപ്പ് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയത്തിന് കത്തയച്ചിരുന്നു. |
| (ഡി) | എങ്കിൽ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ നിലപാട് അറിയിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഡി) | കേന്ദ്ര മന്ത്രാലയമാണ് വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടത്. |

സെക്ഷൻ ഓഫീസർ